**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 697** **09-08-2023 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മണ്ഡലത്തിലെ വൈദ്യുത നവീകരണ പ്രവൃത്തികൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി മണ്ഡലത്തിൽ വിവിധ ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ നടന്ന വിവിധ സിസ്റ്റം ഇംപ്രൂവ്മെന്റ്, വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ കൊണ്ടോട്ടി, മുണ്ടക്കുളം, കാരാട്, പുളിക്കൽ എന്നീ സെക്ഷനുകളിൽ 2021-22, 2022-23 എന്നീ വർഷങ്ങളിൽ സിസ്റ്റം ഇമ്പ്രൂവ്മെന്റ്, വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് എന്നിവയ്ക്കായി, ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 13.7 കി.മി HT OH ലൈനുകളും, എ.ബി.സി. ഉപയോഗിച്ച് 6.5 കി.മീ LT ലൈനുകളും 48 ട്രാൻസ്ഫോർമറുകളും പുതുതായി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 52.75 കി.മി LT സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കുന്ന പ്രവൃത്തിയും 56.75 കി.മി LT ലൈനുകളുടെ റീ-കണ്ടക്റ്ററിങ്ങും നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. ഇതോടൊപ്പം 7 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾക്കായി 587 ലക്ഷം രൂപ ചിലവാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഇനത്തിൽ പുതിയ പദ്ധതികൾ ഏതെല്ലാമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | 2023-24 മുതൽ 2026-27 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി ദ്യുതി 2 സ്കീമിൽ ഉൾപ്പെടുത്തി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, പുതിയ HT-LT ലൈൻ നിർമ്മാണം, സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കുന്ന പ്രവൃത്തി തുടങ്ങിയവയിലായി 23.08 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | കേന്ദ്രാവിഷ്കൃതമായ ഏതെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി മണ്ഡലത്തിലെ വൈദ്യുതി നവീകരണ പ്രവൃത്തികൾക്ക് എതെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ, കേന്ദ്രാവിഷ്കൃതപദ്ധതിയായ Revamped Distribution Sector Scheme (RDSS) പദ്ധതിയിൽ ഉൾപ്പെടുത്തി 11 KV LT ലൈനുകളുടെ റീ-കണ്ടക്റ്ററിങ്ങ്, LT ലൈനുകളുടെ റീ-കണ്ടക്റ്ററിങ്ങ്, പുതിയ ABC/UG ലൈൻ വലിക്കൽ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടെ 12.27 കോടി രൂപയുടെ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ